
# ടാഗോർ വിദ്യാനികേതൻ
## ജി.എച്ച്.എസ്സ്.എസ്സ് തളിപ്പറമ്പ


# THIRD EYE



little KITEs

ഇ മാഗസിൻ

# ടാഗോർ വിദ്യാനികേതൻ
## ജി.എച്ച്.എസ്.എസ് തളിപ്പറമ്പ



## പേജുകളിൽ


- ചരിത്രം
- കാറ്റ്
- പുഴ ഒഴുകുന്നു
- ദുഃഖമുള്ള എന്ന ദുഃഖമില്ലാത്ത ജീവിതം
- അമ്മ
- പെണ്ണ്
- ചിരി
- ലഹരി
- ആത്മഹത്യ
- ഇതാണ് നീതി
- ഒളിമ്പിക്സ്
- രവീന്ദ്രനാഥ ടാഗോർ


Little KITEs
ഇ മാഗസിൻ

# അൽപം ചരിത്രം



രവീന്ദ്രനാഥ ടാഗോറിന്റെ ശതാബ്ദി വർഷത്തിൽ ആണ് ഗ്രാമീണ മേഖലയിലെ പ്രതിഭാധനരായ വിദ്യാർഥികൾക്കായി ഒരു റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുക എന്ന ആശയം ആദ്യമായി ആവിഷ്കരിച്ചത് . 1966 ഗുരുദേവ വിദ്യാപീഠം എന്ന പേരിൽ ഇത് ഒരു സ്വകാര്യ സ്കൂളായി സ്ഥാപിതമായി . 1974 ഇൽ ഇത് സംസ്ഥാന സർക്കാരിന് കൈമാറി . അന്നുമുതൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിൽ ടാഗോർ ഒരു പ്രധാന പങ്കുവഹിച്ചു . ഈ വിദ്യാലയം കേരളത്തിലെ ഏറ്റവും പ്രമുഖ സർക്കാർ സ്കൂളുകളിൽ ഒന്നാണ്. വടക്കൻ കേരളത്തിൽ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് പട്ടണത്തിനടുത്തുള്ള രവീന്ദ്ര പുരത്താണ് ഈ സ്ഥാവനം സ്ഥിതി ചെയ്യുന്നത് . ടാഗോർ വിദ്യാനികേതൻ ഗവൺമെൻറ് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ എന്നും ടാഗോർ വിദ്യാനികേതൻ എന്നും ഈ വിദ്യാലയം അറിയപ്പെടുന്നു . തളിപ്പറമ്പ മുൻസിപ്പാലിറ്റിയിലേയും മറ്റ് പഞ്ചായത്തിലേയും കുട്ടികൾക്ക് താമസിച്ച് പഠിക്കാനുള്ള സൗകര്യം ഈ വിദ്യാലത്തിലുണ്ട്. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയതോടെ എല്ലാ വിദ്യാർത്ഥികൾക്കം ഇവിടെ പ്രവേശനം നൽകാൻ തുടങ്ങി.

ടാഗോർ വിദ്യാനികേതൻ അതിൻറെ ചരിത്രത്തിൽ എല്ലാ വർഷങ്ങളിലും എസ് എസ് എൽ സി പരീക്ഷയിൽ 100% വിജയം നേടിയിട്ടുണ്ട് . ഇതിൽനിന്ന് ഈ സ്ഥാപനത്തിൻറെ അക്കാദമിക് നേട്ടങ്ങൾ വ്യക്തമാണ് . കേരളത്തിലെ മികച്ച സർക്കാർ സ്കൂളിനായി ഏർപ്പെടുത്തിയ മത്തായി സ്മാരക എവർ റോളിങ് ട്രോഫി പലപ്രാവശ്യം ടാഗോർ നേടിയിട്ടുണ്ട്. സംസ്ഥാന സ്കൂൾ യുവജനോത്സവം സംസ്കൃതോത്സവം ശാസ്ത്ര-ഗണിത പ്രവർത്തിപരിചയം മേളകളിൽ മികച്ച വിജയം ഈ വിദ്യാലയം നേടിയിട്ടുണ്ട് . പാഠ്യേതര പ്രവർത്തനങ്ങളിൽ വിദ്യാലയത്തിന്റെ പ്രശസ്തി ഇന്നും തുടരുന്നു,

# കാറ്റ്

കാറ്റിന്റെ ശബ്ദം കേട്ടു ഞാൻ
മരങ്ങളുടെ നൃത്തം കണ്ടു ഞാൻ
പക്ഷികളുടെ ഗാനം കേൾക്കുമ്പോൾ
പ്രകൃതിയുടെ സൗന്ദര്യം അറിയും ഞാൻ

മഴയുടെ തുള്ളികൾ തൊടുമ്പോൾ
മണ്ണിന്റെ മണം മൂടുമ്പോൾ
പൂക്കളുടെ വർണ്ണം കാണുമ്പോൾ
പ്രണയത്തിന്റെ മധുരിമ തോന്നും ഞാൻ

സൂര്യന്റെ പ്രഭ പരതുമ്പോൾ
ചന്ദ്രന്റെ കിരണം വരയുമ്പോൾ
നക്ഷത്രങ്ങളുടെ പ്രകാശം നോക്കുമ്പോൾ
ദൈവത്തിന്റെ കൃപ അനുഭവിക്കും ഞാൻ



# പുഴ ഒഴുകുന്നു.

ശ്രേയ എംപി

ʻഭക്ഷണമോ പരിചരണമോ കിട്ടാതെ മെലിഞ്ഞു തളർന്ന ഒരു കുട്ടിയെ പേ
ാലെ ഒഴുകുന്ന പുഴയെ നോക്കി നിൽക്കുകയായിരുന്നു അമൃത 'അമ്മു
വേഗം വാ സ്കൂളിൽ പോകണ്ടേ' അമ്മ വിളിച്ചു പോവുകയാണ് പക്ഷേ
അവളുടെ മനോഹരമായ കുഞ്ഞു കണ്ണുകൾ പ്ലാസ്റ്റിക് കുപ്പികളും കവറ
ുകളും നിത്യേന സുഗമമായി ഒഴുകി നിന്ന പുഴയിലേക്ക് ആയിരുന്നു
നോട്ടമിട്ടിരുന്നത്.വിളി കേൾക്കാത്തതുകൊണ്ട് അമ്മ ചൂരിലുമായി
ദേഷ്യത്തോടെ വരികയാണ് പക്ഷേ അവളുടെ ചിന്ത എവിടെയോ
ഒഴുകുകയായിരുന്നു ഒരു പുഴ പോലെ 'നിനക്ക് ഇന്ന് സ്കൂളിൽ ഒന്നും പേ
ാകേണ്ടെ പെണ്ണേ 'അമ്മ ചോദിച്ചു. 'ഉം'
അവർ വീട്ടിലേക്ക് നടന്നു അമ്മേ  ഈ പുഴയെ എന്താ ഇങ്ങനെ?
ഇക്കാലത്തെ ആളുകൾ എന്തായാലും പുഴയിലേക്ക് അങ്ങ് വലിച്ചെറിയും.
പിന്നെ ആര് അറിയാനാ പ്ലാസ്റ്റിക്കും തുണിയും എല്ലാവരെയും ആർക്കും
ഈ പുഴയെ കുറിച്ച് ഓർക്കാൻ സമയമില്ല അപ്പൊ പണ്ടൊക്കെ
ഇങ്ങനെയായിരുന്നു അമ്മെ. അല്ല മോളെ, അപ്പോഴാണ് വീണയ്ക്ക്
ഓർമ്മ വന്നത് അവളുടെ കുട്ടിക്കാലത്ത് പുഴയിൽ ചാടി നീന്തി കളിച്ചതും
മീൻ പിടിച്ചതും എല്ലാം ഓർമ്മകളുടെ അറയിലേക്ക് അവൾ വഴുതിവീണു പ
ിന്നെ എങ്ങനെയാ അമ്മേ അവൾ ഞെട്ടി ഉണർന്നു അപ്പോഴൊക്കെ ഈ പ
ുഴ ഇങ്ങനെ ആയിരുന്നില്ലേ ഒരാൾ പൊക്കത്തിൽ നിറയെ വെള്ളം
ഉണ്ടാകും കുറെ മീനുകളും ഞങ്ങളെ ഞങ്ങളാ പുഴയിലെ കുളിക്കാർ പ
ിന്നെ എന്താ അമ്മേ എന്നെ കുളിക്കാൻ വിടാത്തത് ഇപ്പോൾ പുഴയിൽ
വെള്ളമില്ലല്ലോ അതാ അമ്മുവിന്റെ മുഖത്ത് ദുഃഖം
നിഴലിക്കുന്നുണ്ടായിരുന്നു പുഴയിൽ നീന്തി തുടിക്കുവാനുള്ള ഒരു കൊച്ചു
കുഞ്ഞിന്റെ ആശ അവളിൽ ഉണ്ടായിരുന്നു സമയം
പോകുന്നു നീ വേഗം ഒരു സ്കൂളിൽ പോകണ്ടേ. ഞാനിപ്പോ പോകാം.



# ദുഃഖമുള്ള എന്നാൽ ദുഃഖമില്ലാത്ത ജീവിതം.

## നവ്യ ശ്രീ രാജീവ്

കാവ്യാ അവളുടെ ജീവിതത്തിൽ സന്തോഷവതി ആയിരുന്നു നേരത്തെ കരടുകൾ പോലും അവളെ അലട്ടിയില്ല എന്നാൽ ഒറ്റ മകളാണ് എന്ന പരിഗണന അവൾക്ക് ഇഷ്ടമല്ലായിരുന്നു.കൂട്ടിന് ഒരാൾ വേണമെന്നുണ്ടായിരുന്നെങ്കിലും അവൾ അത് പ്രകടിപ്പിച്ചില്ല. ജീവിതം സന്തോഷപൂർണമായിരുന്നെങ്കിലും ചില സന്ദർഭങ്ങളിൽ താനേ സഹോദര ദുഃഖം അവൾക്ക് തോന്നിത്തുടങ്ങി തനിക്ക് അങ്ങനെ ഒരാൾ വേണമെന്ന് നിശ്ചയിച്ചു അമ്മയുടെ മുന്നിൽ നിന്നും അവൾ അത് മറച്ചുവച്ചു ആരെയും അറിയിക്കാതെ അവളുടെ മനസ്സിൽ സ്വയം ഒരു അന്വേഷണ ബുദ്ധി ഉദിച്ചു തെറ്റായ മാർഗ്ഗമല്ല സ്വീകരിക്കുന്നത് എന്ന ബോധ്യത്തോടെ അവൾ ജീവിതത്തെ ഇടനഴികളിലേക്ക് തിരിച്ചുവിട്ടു. അവൾ അറിയാതെ മറ്റുള്ളവരിൽ നിന്നും അവൾ അകന്നുകൊണ്ടിരുന്നു സഹോദരിയെ തേടിക്കൊണ്ടിരുന്നു ശിവ പ്രതീക്ഷ അവളെ തുണച്ചില്ല. അങ്ങനെയൊരാൾ ഉണ്ടെങ്കിലല്ലേ കണ്ടെത്താനാവു സത്യം തിരിച്ചറിയുമ്പോഴേക്കും സമയം ഒരുപാട് വൈകി ഇടവഴികളിലൂടെ സഞ്ചരിച്ച അവർ തികച്ചും ഏകാകിയായി ജീവിതത്തിലുള്ള കാര്യങ്ങൾ കാര്യങ്ങളിൽ സംതൃപ്തിപ്പെടാതെ കുറുക്കു വഴികളിലൂടെ തന്നെ ആഗ്രഹങ്ങൾ സാധിച്ചു എടുക്കാൻ ശ്രമിച്ച അവൾക്ക് തിരിച്ചറിവുണ്ടായി മെച്ചപ്പെട്ട ജീവിതം നമ്മുടെ ജീവിതം തന്നെയാണ് അവൾക്ക് തോന്നി. എന്തെല്ലാം സുഖസൗകര്യങ്ങൾ ഉണ്ടായിരുന്നു എന്റെ ജീവിതത്തിൽ എന്നാൽ സഹോദരിയെ വേണമെന്ന് അത്യാഗ്രഹം അല്ലേ അതിനുവേണ്ടി സ്വീകരിച്ച കുറക്കുവഴികൾ അല്ലേ കുഴപ്പമായത്.അവൾ പിന്നെയും ചിന്തിച്ചു ചിന്തയിലാഴുന്ന അവൾ ഇടവഴിയിൽ വഴിമുട്ടിയ ജീവിതത്തെ ഓർത്ത് വിതുമ്പി.




# അമ്മ

ലീന. വി

ആ കാർഡ് എന്നെ പല ഓർമ്മകളിലേക്കും നയിച്ചു മൺമറഞ്ഞുപോയ സ ്കൂൾ ജീവിതവും മനസ്സിൽ ഒളിപ്പിച്ച ആഗ്രഹങ്ങളും എല്ലാം പൊതുജീവിതം എന്നപോലെ തോന്നിപ്പോയി. ഉച്ചത്തേക്ക് അമ്മായി കടന്നുവന്ന തോളത്ത് തട്ടി വിളിച്ചു 'എന്ത് ആലോചിച്ചു നിൽക്കുവായിരുന്നു 'ഉത്തരം പറയാതെ ഞാൻ മുറിയിലെ കൂടി. പിന്നെ നീണ്ട ചിന്തയിലായിരുന്നു ഒരു പെൺകുട്ടി ആയതുകൊണ്ടാണോ എന്റെ പഠനം നിർത്താൻ അമ്മ പറഞ്ഞത്.ആ ചോദ്യത്തിന് ഉത്തരം അന്വേഷിച്ച് ഇറങ്ങിയത് അടുത്തിടെ കല്യാണം കഴിച്ച അമ്മ ചേച്ചിയുടെ അടുത്തേക്കാണ്.ഞാൻ ചോദിച്ചു എന്തുകൊണ്ട് അമ്മ എന്നെ പത്താം ക്ലാസ് കഴിഞ്ഞ് പഠിക്കാൻ അനുവദിക്കാത്തത്.ചേച്ചി പറഞ്ഞുനമ്മുടെ എല്ലാം ജീവിതം അടുക്കളയിലും വിറക് പുരയിലും ഇരിഞ്ഞുതീരാനുള്ളതല്ലേ?

വീണ്ടും എന്റെ മനസ്സിൽ സംശയത്തിന്റെ മുളപൊട്ടി രാത്രി കിടക്കുമ്പോൾ അമ്മൂമ്മ പറഞ്ഞു 'നാളെ മറ്റൊരു വീട്ടിൽ പോകേണ്ട പെണ്ണാ നീ എല്ലാ ജോലിയും

പഠിക്കണം.'അമ്മൂമ്മയ്ക്ക് നേരെ എന്റെ ചോദ്യമായിരുന്നു 'അതെന്താ എന്നിട്ട് ചേട്ടൻ ജോലിയൊന്നും പഠിപ്പിക്കാതെ പഠിക്കാൻ അയക്കുന്നത്?' വായ മൂടി കിടക്കടി പെണ്ണിന്റെ ശബ്ദം വീട്ടിൽ ഉയർന്നുടാ 'അമ്മുമ്മ ആക്രോശിച്ചു.



# പെണ്ണ്

അലീന എ വി

ആ കാർഡ് എന്നെ പല ഓർമ്മകളിലേക്കും നയിച്ചു മൺമറഞ്ഞുപോയ സ്കൂൾ ജീവിതവും മനസ്സിൽ ഒളിപ്പിച്ച ആഗ്രഹങ്ങളും എല്ലാം പൊതുജീവിതം എന്നപോലെ തോന്നിപ്പോയി. ഉച്ചത്തേക്ക് അമ്മോയി കടന്നുവന്ന തോളത്ത് തട്ടി വിളിച്ചു 'എന്ത് ആലോചിച്ചു നിൽക്കുവായിരുന്നു 'ഉത്തരം പറയാതെ ഞാൻ മുറിയിലെ കൂടി. പിന്നെ നീണ്ട ചിന്തയിലായിരുന്നു ഒരു പെൺകുട്ടി ആയതുകൊണ്ടാണോ എന്റെ പഠനം നിർത്താൻ അമ്മ പറഞ്ഞത്.ആ ചോദ്യത്തിന് ഉത്തരം അന്വേഷിച്ച് ഇറങ്ങിയത് അടുത്തിടെ കല്യാണം കഴിച്ച അമ്മ ചേച്ചിയുടെ അടുത്തേക്കാണ്.ഞാൻ ചോദിച്ചു എന്തുകൊണ്ട് അമ്മ എന്നെ പത്താം ക്ലാസ് കഴിഞ്ഞ് പഠിക്കാൻ അനുവദിക്കാത്തത്.ചേച്ചി പറഞ്ഞുനമ്മുടെ എല്ലാം ജീവിതം അടുക്കളയിലും വിറക് പുരയിലും ഇരിഞ്ഞുതീരാനുള്ളതല്ലേ?

വീണ്ടും എന്റെ മനസ്സിൽ സംശയത്തിന്റെ മുളപൊട്ടി രാത്രി കിടക്കുമ്പോൾ അമ്മൂമ്മ പറഞ്ഞു 'നാളെ മറ്റൊരു വീട്ടിൽ പോകേണ്ട പെണ്ണാ നീ എല്ലാ ജോലിയും

പഠിക്കണം.'അമ്മുമ്മയ്ക്ക് നേരെ എന്റെ ചോദ്യമായിരുന്നു 'അതെന്താ എന്നിട്ട് ചേട്ടൻ ജോലിയൊന്നും പഠിപ്പിക്കാതെ പഠിക്കാൻ അയക്കുന്നത്?' വായ മൂടി കിടക്കടി പെണ്ണിന്റെ ശബ്ദം വീട്ടിൽ ഉയർന്നുടാ 'അമ്മുമ്മ ആക്രോശിച്ചു.



# ചിരി

ദേവജിത്ത് സി.പി

ചിരി ഉണ്ടാകുന്നതോ,
നന്മ നിറഞ്ഞ ഹാസ്യങ്ങളിൽ
സൗഹൃദങ്ങളിൽ സന്മനസ്സുള്ളവരിൽ
മാത്രമാണെങ്കിൽ! എന്നോണം എന്നോ
നഷ്ടപ്പെട്ട ചിരി ഓർത്തെടുക്കാൻ ആവില്ലൊരിക്കലും
നടന്നു പോകുന്നവനെ കടക്കാൻ ആക്കുന്ന
കച്ചവട തിരിച്ചറിയാൻ ആവാതെ
സുഖഭോഗങ്ങളിൽ കുഴഞ്ഞു തിരിഞ്ഞു
നോക്കാനാവാതെ മോഹങ്ങളും സ്വപ്നങ്ങളും ഉയർന്ന
മൺകുമാരത്തിന് ചെന്നുലയുന്നു സ്വയം
ചോദ്യത്തിന്റെ ആകുന്ന കടയ്ക്കൽ വീണ
ശരീരം കൂട്ടമായി തെറ്റി വീണു പൊടിയുമ്പോൾ
ചിരിയെന്ന അഭിലാഷം ഈ മണ്ണിൽ തീർത്ത
ഒരു മുഖംമൂടി ആകുന്നു



# ലഹരി

ആളെ കൊല്ലുന്നൊരു മാന്ത്രിക വിദ്യയാണ്
ആരെയും മ യക്കിടുന്ന ഒരു ലഹരി യോഗ്യരായി
ചമയുന്ന പുത്തൻ തലമുറ കൈവശമാക്കിയിടും
വൻ വിഭത്താണ് മിട്ടായി പാക്കറ്റ് രൂപത്തിൽ കിട്ടും
കൊച്ചു പിള്ളേരുടെ ഇഷ്ടത്തിൽ കിട്ടും
കിട്ടിയത് അപ്പാടെ വായിലാക്കിയാലോ ദുഷ്ക
രമായും ജീവിതം പിന്നെ പിഞ്ചു പൈതം തൊട്ട്
യൗവനക്കാർ വരെ ആരും ശീലമാക്കി പോകുന്നവൻ
വിഷം സ്വന്തം സഗുഡം കഷ്ടത്തിലാക്കുന്ന മായയാം
ലഹരി മായായാം ലഹരി



# ആത്മഹത്യ

മുഹമ്മദ് അമൻ അബ്ദുള്ള

ഡ്യൂട്ടിയിലുള്ള പോലീസുകാരനെ മേൽ ഉദ്യോഗത്തിന് വയർലെസ്സിലൂടെ മെസ്സേജ് സ്നോവൈറ്റ് എന്ന തങ്ങളുടെ അതിർത്തിയിലുള്ള വീട്ടിൽ ഒരു ആത്മഹത്യ നടന്നിരിക്കുന്നു വിവരം കിട്ടിയ ഉടനെ ആപ് ഇൻസ്പെക്ടർ എത്തുന്നു അവിടെ എത്തിയപ്പോഴാണ് സിസിടിവി എന്നൊന്ന് ആ വീട്ടിൽ ഉണ്ടായിരുന്നു അവർ സിസിടിവി ചെക്ക് ചെയ്ത് അതേ അനിൽലാൽ പക്ഷേ വളരെ അവ്യക്തമാണ്. അതിനാൽ കോടതിയിൽ ഈ വാദം നിലനിന്നില്ല.അഥവാ ഗീതയുടെ പണംകൊണ്ട് അയാൾ കോടതി അട്ടിമറിച്ചു. 6വർഷം കഴിഞ്ഞിട്ടും തെളിയാത്ത കേസ് ഒരു സി ഐ ആണ് അനിൽ ലാൽ എന്ന ഭയങ്കരൻ ക്രിമിനലിന്റെ അവസാന ദിവസമായിരുന്നു അവർ കണ്ടത് കുറ്റസമ്മതം ചെയ്ത ഒരു ലെറ്ററും തൂങ്ങിമരിച്ച അനിൽ ലാലും







# ഇതാണ് നീതി

## അനൗഷ്ക ദിൽ

മഴ ആർത്തട്ടഹസിച്ച പെയ്തൊഴിയാത്ത ഒരു രാത്രി ചേരിയിലെ ഒരു കൂരയിൽ നിന്ന് മഴയുടെ ഗർജ്ജനം കീറിമുറിക്കും വിധം ഒരു കരച്ചിൽ കേട്ടു. ഒരു ഉൾക്കിടിലത്തോടെ കയ്യിൽ ഉണ്ടായിരുന്ന മൺചട്ടിയും താഴെയിട്ടുകൊണ്ട് രശ്മില അകത്തേക്കോടി ആ കുടിലിലെ ഒരു കുഞ്ഞു മുറിയിലേക്കായിരുന്നു പിന്നീട് ഓരോ ചുവടുവയ്ക്കുമ്പോഴും കാൽപ ാദങ്ങൾ രക്തത്തിൽ കുതിരുകയും മിഴികളിൽ നിന്ന് കണ്ണുനീർ വീഴുകയും ചെയ്തുകൊണ്ടിരുന്നു മുറിയുടെ അറ്റത്ത് ഒരു മൂലയിൽ നിന്നും ശിരസ്സും ഉടലും വേർപെട്ടു കിടക്കുന്ന ഒരു ശരീരം പിറ്റേദിവസം വീടിനു ചുറ്റും ആൾക്കൂട്ടം നിറഞ്ഞു നിന്നിരിക്കുന്നു മുറ്റത്തിന്റെ ഒരു കോണിൽ ഒരു സർക്കാർ ദ്വീപ് കുറച്ച് ബാക്കി വസ്ത്രധാരികളും ആ ഉമ്മ തളർന്ന മനസ്സുമായി മൂത്തമകൻ ഫൈസലിന്റെ അടുത്ത് ചെന്നു. 'എന്തിനാടാ ഇജ്ജ് ന്റെ സസ്രുനെ കൊന്നത് ദ്രോഹി' ആ മാതാവ് ചോദിച്ചു ക്രോധവും പുച്ഛവും കലർന്ന ഭാഗത്തോടെ ആ ക്രൂരപിചാച്ച പറഞ്ഞു ' ഓളെ ഞാൻ കൊന്നിട്ടില്ല അതിനുള്ള അവസ്ഥയും ഓള് ഇണ്ടാക്കി ബെച്ചിട്ടിണ്ട് ' ന്റെ കുട്ടി സത്യത്തിനും ധർമ്മത്തിനും നിർകാത്ത ഒന്നും ചെയ്യില്ല ആ ഉമ്മ കരഞ്ഞു തളർന്ന സ്വരത്തിൽ പറഞ്ഞു ഇസ്ലാമിനെതിരെ നിൽക്കുന്നവരെ ഇല്ലാതാക്കിയാൽ സ്വർക്കത്ത് പോവാന്ന്ഉസ്താദ് തന്നെയല്ലേ പറഞ്ഞത് അവൻ രാക്ഷസരത്തിൽ അലറി അതെ അതാ ന്റെ ശെരി എന്നെ സംബന്ധിച്ചിടത്തോളം അത് തന്ന്യാ ശരി തന്റെ ഭാഗം ശരിയാണെന്ന് വരുത്തി തീർക്കാൻ ഉസ്താദ് ശ്രമിച്ചു.




' അയിന് ന്റെ നസ്രു എന്ത് ചെയ്തിനിന്ന നീ പറയണത്? ' അവൻ തിരിച്ചടിച്ചത് ഇങ്ങനെ ആയിരുന്നു :–'ന്റെ ബാപ്പ അങ്ങ് പഞ്ചാബിൽ വെച്ച് പട്ടിനപ്പോലെ തല്ലിക്കൊന്നത് ഓർക്കനില്ലേ ഇങ്ങൾ അതെല്ലാം ഓൾക്കും അറിയാവുന്നതല്ലേ? എന്നിട്ട് ഇന്നലെ ഞാൻ ഉച്ച നിസ്കാരം കയ്യിഞ്ഞിട്ട് വരുമ്പം എന്താ കണ്ടത് എന്നറിയോ... ഇങ്ങളെ നസ്രു അമ്പലതീൻ ബരണ രണ്ടു കഴുതപ്പുള്ളരുമായിട്ട് സംസാരിച്ച നിക്കാണ്. പിന്ന ഞാൻ എന്തു ചെയ്യണം വെറും പോത്തിറച്ചി കയിച്ച പേരിൽ ന്റെ ബാപ്പാന കൊന്ന മതക്കാരോട് ഓക്ക് കൂട്ടുകെട്ട് ഹും...... ഇപ്പം ഓള സ്ഥാനത്ത് ഇങ്ങളണേലും ഞാൻ ഇത് തന്നെ ചെയ്യും. '

ആ ഉമ്മയുടെ മനസ്സ് തകർന്നടിഞ്ഞു പോയി ഞെട്ടലും വീതിയും കൊണ്ട് കണ്ണുനീർക്കണം പോലും മരവിച്ച നിശ്ചലമായി ഉസ്താദ് അഭിമാനപുരസരം മന്ദഹസിച്ചു കൊണ്ട് പറഞ്ഞു ' മതത്തിനു വേണ്ടി ജീവിക്കുന്ന ഈ ഫൈസലിന്റെ ഉമ്മയാവാൻ നിങ്ങള് ഭാഗ്യം ചെയ്തിരിക്കുക്കാണ് ' കരഞ്ഞു കലങ്ങിയ മുഖം പെട്ടെന്ന് ക്രോധം കൊണ്ട് ജോലിച്ചു കൺകളിൽ നിന്ന് തീ ജ്വല പടർന്നു ആ നോട്ടം കണ്ട് ഭൂതലോകം പോലും നടുങ്ങിപ്പോയി ഉസ്താദ് ഒരടി പിന്നിലേക്ക് വച്ചു. ഏതോ ഒരു ശക്തി തന്നിൽ വന്നുചേരുന്നത് പോലെ ആ സാധു സ്ത്രീക്ക് തോന്നി ഇത്രയും നേരം തന്റെ പുത്രിയുടെ മൃതശരീരത്തിന് അരികിൽ പൊട്ടിക്കരഞ്ഞിരിക്കുന്ന പോലെ കൂടിനിന്നവരിൽ ഞെട്ടൽ ഉണ്ടാക്കിക്കൊണ്ട് വിപ്ലവ വീരത്തോടെ പറഞ്ഞു:– പണ്ട് ഞാൻ കുട്ടിയായിരുന്നപ്പോൾ ന്റെ ഉപ്പൂപ്പ ഒരു കാര്യം പറഞ്ഞിരുന്നു.



ഈ രാജ്യത്ത് ലോകപ്രശസ്തരായ ദീർഘ്യനവും
മൃത്യുവും കൈവരിച്ച ഈ മണ്ണിൽ ജനിച്ച
ഓരോരുത്തരും ഭാഗ്യവാന്മാരാണ് എന്ന് 'കാരണം
ഈ ജനത സദ്യവും പരസ്പര സ്നേഹവും വിശ്വാ
സവും മുറിയിൽ പിടിച്ചിരിക്കുന്ന എന്ന് പക്ഷേങ്കിൽ
ഇന്ന് ഇന്ത്യ നസ്രുവും ഓള ബാപ്പച്ചിയും മതം എന്ന
വേഷത്തിന്റെ പേരിൽ കൊല്ലപ്പെട്ടു ന്റെ പെ
ാന്നുമോള രണ്ടു പേരോട് സംസാരിച്ചു എന്നതിൽ
എന്താ തെറ്റ്..?ഓളെ മനസ്സ് ശുദ്ധ തങ്കത്തിലും പ
ത്തരമാറ്റത്തത് ഒക്കെ എല്ലാ ജാതിയും മതവും
തുല്യ എല്ലാ ഹിന്ദുക്കളും എന്റെ ഇക്കാനെ
കൊന്നവരെ പോലെ ആവണമെന്നില്ല. എല്ലാ
ഇസ്ലാമികളുമയും തന്റെ ഉസ്താദിനെയും പേ
ാലെയല്ല അതുപോലെ തന്നെയാണ് ഏതു മതമായ
ാലും പടച്ചോന്റെയും ക്രിസ്തുവിന്റെയും ശ്രീകൃഷ്
ലുവിന്റെയും പേര് പറഞ്ഞ് നിന്നെയൊക്കെ പേ
ാലെയുള്ള ചില കള്ള് ഹിമാലുകൾ ഇറങ്ങിയിട്ടുണ്ട്
ശാന്തിയും സമാധാനവും കൈവരിച്ച ജനതയെ
തമ്മിൽ തല്ലിച്ച് അവർ ചോര നീരാക്കി ഉണ്ടാക്കിയത്
കൊണ്ട് ചാപ്പടിക്കാൻ പണിയാൻ മതം എന്ന
വാക്കിന്റെ അർത്ഥം എന്താന്നറിയോ നിങ്ങൾക്ക്
അത് 'അഭിപ്രായം' ന്നാ അല്ലാണ്ട് കൊല എന്നോ,
ആക്രമണം, എന്നോ ലഹള, എന്നോ അല്ല!ദൈവം
എന്നത് പ്രപഞ്ചത്തിലെ ഒരു ശക്തിയാണ്. അതിന്
പല പേരുകളും കൊടുത്ത് പാവങ്ങളെ ബെച്ച്
ബിസിനസ് നടത്തുന്ന പിശാച്ക്ലിൻഡ് ആദ്യം
ഇവറ്റകളെയൊക്കെ ഇല്ലാതാക്കണം എന്നാൽ
തന്നെ ബാക്കി ലോകം നന്നാക്കാം. പട്ടിയെയും പ
ന്നിയേയും എല്ലാം ഹറാം ആണെന്ന് പാവങ്ങളെ പ
റഞ്ഞു കബളുപ്പിച്ച ഇവനെപോലെയുണ്ടല്ലോ.
ഉസ്താദും പണ്ഡിതന്യം നടിച്ച ഇവൻ മാരാണ്
ഹറാംമുമ്പ് ആസിഫ എന്നൊരു കുഞ്ഞു മോളെ
കാരണം പോലുമില്ലാതെ ചില ചെന്നൈയികൾ
ബലിയാടക്കി. ഇപ്പം എന്റെ നസ്രൂനെ ഓൾ
ഇക്കയാന്ന് വിചാരിച്ച ഈ ദുഷ്ടൻ കൊന്നു
ട്ടീഹശരല വന്ന അ ന്നെയൊന്നും കൊണ്ടുപേ
ാകുന്നതിലും തൂക്കിലേറ്റുന്നതിലും അനക് ഒരു
ബെസംമും ഇല്ല മറിച്ചു അഭിമാനമേ ഉള്ളു.....

അവന്റെയൊക്കെ ചെയ്തികൾക്ക് പരിഹാരം
ഒന്നേ ഉള്ളു....... 'മരണം'
ഇതാണ്നീതി



# Olympics


The modern Olympic Games or Olympics are the leading international sporting events featuring summer and winter sports competitions in which thousands of athletes from around the world participate in a variety of competitions. The Olympic Games are considered the world's foremost sports competition with more than 200 teams, representing sovereign states and territories participating; by default the Games generally substitute for any World Championships the year in which they take place (however, each class usually maintains their own records.The Olympic Games are held every four years; since 1994, they have been alternated between the Summer and Winter Olympics every two years during the four-year period.

Their creation was inspired by the ancient Olympic Games, held in Olympia, Greece from the 8th century BC to the 4th century AD. Baron Pierre de Coubertin founded the International Olympic Committee (IOC) in 1894, leading to the first modern Games in Athens in 1896. The IOC is the governing body of the Olympic Movement, which encompasses all entities and individuals involved in the Olympic Games. The Olympic Charter defines their structure and authority.






The evolution of the Olympic Movement during the 20th and 21st centuries has resulted in several changes to the Olympic Games. Some of these adjustments include the creation of the Winter Olympic Games for snow and ice sports, the Paralympic Games for athletes with disabilities, the Youth Olympic Games for athletes aged 14 to 18, the five Continental games (Pan American, African, Asian, European, and Pacific), and the World Games for sports that are not contested in the Olympic Games. The IOC also endorses the Deaflympics and the Special Olympics. The IOC has needed to adapt to a variety of economic, political, and technological advancements. The abuse of amateur rules by the Eastern Bloc nations prompted the IOC to shift away from pure amateurism, as envisioned by Coubertin, to the acceptance of professional athletes participating at the Games. The growing importance of mass media has created the issue of corporate sponsorship and general commercialisation of the Games. World Wars I and II led to the cancellation of the 1916, 1940, and 1944 Olympics; large-scale boycotts during the Cold War limited participation in the 1980 and 1984 Olympics;[5] and the 2020 Olympics were postponed until 2021 as a result of the COVID-19 pandemic.






The Olympic Movement consists of international sports federations (IFs), National Olympic Committees (NOCs), and organising committees for each specific Olympic Games. As the decision-making body, the IOC is responsible for choosing the host city for each Games, and organises and funds the Games according to the Olympic Charter. The IOC also determines the Olympic programme, consisting of the sports to be contested at the Games. There are several Olympic rituals and symbols, such as the Olympic flag, torch, and opening and closing ceremonies. Over 14,000 athletes competed at the 2020 Summer Olympics and 2022 Winter Olympics combined, in 40 different sports and 448 events.[6][7] The first-, second-, and third-place finishers in each event receive Olympic medals: gold, silver, and bronze, respectively.

The Games have grown to the point that nearly every nation is now represented; colonies and overseas territories are often allowed to field their own teams. This growth has created numerous challenges and controversies, including boycotts, doping, bribery, and terrorism. Every two years, the Olympics and its media exposure provide athletes with the chance to attain national and international fame. The Games also provide an opportunity for the host city and country to showcase themselves to the world.





# രബീന്ദ്രനാഥ് ടാഗോർ

ഇന്ത്യയിലെ പ്രമുഖ സാഹിത്യകാരനും സാംസ്കാരികനായകനുമാണ് രബീന്ദ്രനാഥ്ടാഗോർ മേയ് 7 1861 ഓഗസ്റ്റ് 7 1941), ഗുരുദേവ്എന്നും ആദരപൂർവ്വം അദ്ദേഹത്തെ സംബോധന ചെയ്തിരുന്നു. കവി, തത്ത്വചിന്തകൻ, ദൃശ്യകലാകാരൻ, കഥാകൃത്ത്നാടകകൃത്ത്, ഗാനരചയിതാവ് നോവലിസ്റ്റ്, സാമൂഹികപരിഷ്കർത്താവ് തുടങ്ങിയ നിലകളിൽ തന്റെ പ്രതിഭ തെളിയിക്കുകയും ബംഗാളിസാഹിത്യത്തിനും സംഗീതത്തിനും പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും, ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി പുതുരൂപം നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ കാവ്യസമാഹാരമായ ഗീതാഞ്ജലിക്ക് 1913-ൽ സാഹിത്യത്തിനുള്ള നോബൽ പുരസ്കാരം ലഭിച്ചതിലൂടെ പ്രസ്തുത പുരസ്കാരം ലഭിക്കുന്ന ഏഷ്യയിലെ ആദ്യവ്യക്തിയായി ടാഗോർ. മൂവായിരത്തോളം കവിതകളടങ്ങിയ നൂറോളം കവിതാസമാഹാരങ്ങൾ, രണ്ടായിരത്തിമുന്നൂറോളം ഗാനങ്ങൾ, അൻപത് നാടകങ്ങൾ, കലാഗ്രന്ഥങ്ങൾ, ലേഖനസമാഹാരങ്ങൾ തുടങ്ങി ടാഗോറിന്റെ സാഹിത്യസംഭാവനകൾ നിരവധിയാണ്. നാടകനടനും ഗായകനും കൂടിയായിരുന്നു അദ്ദേഹം. അറുപത്തിയെട്ടാം വയസ്സിൽ അദ്ദേഹം ചിത്രരചന ആരംഭിച്ചു, വിനോദത്തിനു വേണ്ടി തുടങ്ങി ഏകദേശം മൂവായിരത്തോളം ചിത്രങ്ങൾ രചിച്ചു. ബംഗാളിലെ മത-സാമൂഹിക-സാംസ്കാരികരംഗങ്ങളിൽ പുരോഗമന-പരിഷ്കരണ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് വളരെയേറെ സംഭാവനകൾ നൽകിയ കുടുംബമാണ് കൽക്കത്തയിലെ ജൊറാസങ്കോ ടാഗോർ കുടുംബം. രബീന്ദ്രനാഥ ടാഗോർ, അബനീന്ദ്രനാഥ ടാഗോർ, ഗഗനേന്ദ്രനാഥ ടാഗോർ എന്നിങ്ങനെ ഭാരതത്തിന്റെ കലാസാഹിത്യരംഗത്തും, മത-സാമൂഹിക പരിഷ്കരണരംഗങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ച നിരവധിപേർ ജൊറാസങ്കോ ടാഗോർ കുടുംബത്തിലുണ്ട്.





കൊൽക്കത്തയിൽ പീരലി ബ്രാഹ്മണ വംശത്തിൽ പിറന്ന ടാഗോർ എട്ടാമത്തെ
വയസ്സിൽ തന്റെ ആദ്യ കവിത രചിച്ചു. പതിനാറാമത്തെ വയസ്സിൽ ടാഗോർ
'ഭാനുസിംഹൻ' എന്ന തൂലികാനാമത്തിൽ ആദ്യ കവിതാസമാഹാരം പ
ുറത്തിറക്കി. 1877 -ൽ ചെറുകഥകളും നാടകങ്ങളും രചിച്ചുതുടങ്ങി. ചെറുപ്ര
ായത്തിൽത്തന്നെ ധാരാളം യാത്രചെയ്ത ടാഗോർ തന്റെ പ്ര
ാഥമികവിദ്യാഭ്യാസത്തിന്റെ നല്ലൊരു ഭാഗം ഗൃഹത്തിൽ തന്നെയാണ്
നടത്തിയത്ബ്രിട്ടീഷ്നിയമങ്ങൾക്കോ പൊതുനടപ്പിനോ ഇണങ്ങും വിധം പെ
രുമാറാതിരിക്കുകയും പ്രായോഗികവാദിയും ആയിരുന്ന ടാഗോർ, ഇന്ത്യൻ
സ്വാതന്ത്ര്യസമരത്തെയും ഗാന്ധിജിയെയും പൂർണ്ണമായി പിന്തുണച്ചിരുന്നു.
ടാഗോറിന്റെ ജീവിതം ദുരന്തപൂർണ്ണമായിരുന്നു. തന്റെ കുടുംബത്തിലെ
എല്ലാവരെയും നഷ്ടപ്പെട്ട ടാഗോർ ബംഗാളിന്റെ അധഃപതനത്തിനും സാക്ഷ്യം
വഹിച്ചു. ടാഗോറിന്റെ കൃതികളും അദ്ദേഹം സ്ഥാപിച്ച വിശ്വഭാരതി സർവ്വകല
ാശാലയും ഇതെല്ലാം അതിജീവിച്ചു.ധ2പവേല

ടാഗോറിന്റെ കൃതികളിൽ നിരവധി നോവലുകൾ, ചെറുകഥകൾ,
ഗാനസമാഹാരങ്ങൾ, നൃത്ത്യ-നാടകങ്ങൾ, രാഷ്ട്രീയവും വ്യക്തിപരവുമായ
ലേഖനങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഇതിലെല്ലാം കണ്ടിരുന്ന താളമൊത്ത
ഭാവഗാനസ്വഭാവമുള്ള വരികളും, വാമൊഴിയും, പ്രകൃതിമാഹാത്മ്യവാദവും,
തത്ത്വചിന്തയും ലോകപ്രശസ്തി നേടിയിരുന്നു. ഒരു സാംസ്കാരികപ
രിഷ്കർത്താവായിരുന്ന ടാഗോർ, ബംഗാളി കലകളെ പൗരാണിക
ഭാരതീയകലകളുമായി ബന്ധിപ്പിക്കുന്നതായി ഒന്നും തന്നെയില്ലെന്നു വാദിച്ചു.
ടാഗോറിന്റെ രണ്ട്ഗാനങ്ങൾ ഇൻഡ്യ്ന്ത്യ ടെയും ബംഗ്ലാദേശിന്റെയും
ദേശീയഗാനങ്ങളാണ്-ജനഗണമനയും അമാർ ഷോണാർ ബാംഗ്ലയുംധ
3പ.ധ4പ.



## ആദ്യകാല ജീവിതം

ടഗോർ 1879ൽ, ഇംഗ്ലണ്ടിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ
രബി(രവി) എന്ന വിളിപ്പേരുണ്ടായിരുന്ന ടാഗോർ കൊൽക്കത്തയിലെ കൊട്ടാര
സദൃശ്യമായ ജോറസങ്കോ ഗൃഹത്തിൽ 1861 മെയ് 7നു ദേബേന്ദ്രനാഥ്ടാഗോറി
ന്റെയും ശാരദാ ദേവിയുടെയും പതിനാലു മക്കളിൽ പതിമൂന്നാമനായി പ
ിറന്നു. വീടിനടുത്തുള്ള പ്രാഥമിക വിദ്യാലയത്തിലായിരുന്നു അദ്ദേഹത്തിന്റെ
വിദ്യാഭ്യാസം തുടങ്ങിയത്. അമ്മ ചെറുപ്പത്തിലേ മരിച്ചതിനാൽ വേലക്കാരാണ്
ടാഗോറിനെ നോക്കിയത്. പിതാവ് കലാകാരൻമാരെ വീട്ടിൽ കൊണ്ടുവന്നു
താമസിപ്പിക്കുകയും കുട്ടികളെ സംഗീതം പഠിപ്പിക്കുകയും ചെയ്തിരുന്നു. ടാ
ഗോറിന്റെ സഹോദരങ്ങളിൽ ദ്വിജേന്ദ്രനാഥ് കവിയും തത്ത്വചിന്തകനും ജ്യോതിര
ന്ദനാഥ് സംഗീതജ്ഞനും സത്യേന്ദ്രനാഥ് ബ്രിട്ടീഷ് ഇന്ത്യൻ സിവിൽ സർവീസ്
ഉദ്യോഗസ്ഥനും ആയിരുന്നു. സഹോദരി സ്വർണ്ണകുമാരി നോവലിസ്റ്റായിരുന്നു.
പതിനൊന്നാംവയസിൽ (1873) വയസ്സിൽഉപനയനത്തിനുശേഷം ടാഗോർ തന്റെ
പിതാവിനോടൊപ്പം മാസങ്ങൾ നീണ്ട ഭാരത പര്യടനത്തിന്തിരിച്ചു. ഈ യാ
ത്രയിൽ അവർ കുടുംബ തോട്ടമായ ശാന്തിനികേതനം, അമൃത്സർ വഴി
ഹിമാലയ സാനുക്കളിലെ ഡൽഹൗസീ സുഖവാസ കേന്ദ്രത്തിലെത്തി. അവിടെ
വച്ച്ടാഗോർ ജീവചരിത്രങ്ങൾ, ചരിത്രം, അഗോള ശാസ്ത്രം, ആധുനിക ശാസ്
ത്രം, സംസ്കൃതം, കാളിദാസ കൃതികൾ തുടങ്ങിയവ പഠിച്ചു. തിരിച്ചുവന്ന
അദ്ദേഹം പിന്നെ സ്കൂളിൽ പോകാൻ താല്പര്യം കാണിച്ചില്ല...വീട്ടുകാർ രബീ
ന്ദനാഥിനെ സ്കൂളിൽ വിടേണ്ടെന്നു തീരുമാനിച്ചു. വീട്ടിലിരുത്തി പഠിപ്പിക്കാൻ
അദ്ധ്യാപകരെയും ഏർപ്പാടാക്കി. 1877-ൽ ടാഗോർ തന്റെ കൃതികളുടെ ഒരു
സമാഹാരം പുറത്തിറക്കുകയും അതിൽ മൈഥിലി ഭാഷയിലെഴുതിയ കവിത
ശ്രദ്ധിക്കപ്പെടുകയുമുണ്ടായി. അവ ഭാനുസിംഹൻ എന്ന 17ആം നൂറ്റാണ്ടിലെ
ഒരു വൈഷ്ണവ കവിയുടെ നഷ്ടപ്പെട്ട കൃതികളാണ്എന്ന് ടാഗോർ തമാശയായി
പലപ്പോഴും പറഞ്ഞിരുന്നു. ബംഗാളിയിലെ ആദ്യത്തെ ചെറുകഥയായ
"ഭിഖാറിണി" (ഭിക്ഷക്കാരി) ടാഗോർ 1877-ൽ രചിച്ചു. 1882-ൽ "സന്ധ്യ സംഗീത്
എന്ന സമാഹാരത്തിൽ പ്രസിദ്ധമായ "ഉറക്കമുണർന്ന വെള്ളച്ചാട്ടം" എന്ന
കവിതയുമുൾപ്പെട്ടിരുന്നു.



ടാഗോർ ഭാര്യ മൃണാളിനീ ദേവിയ്ക്കൊപ്പം 1883.
അഭിഭാഷകനാകണമെന്ന മോഹത്തോടെ 1878ൽ ടാഗോർ ഇംഗ്ലണ്ടിലെ ബ്രൈറ്റൺ സർക്കാർ വിദ്യാലയത്തിൽ ചേർന്നു. ലണ്ടൻ സർവ്വകലാശാല കലാലയത്തിൽ നിയമ വിദ്യാർത്ഥിയായി പഠനം ആരംഭിച്ചുവെങ്കിലും ബിരുദമെടുക്കാതെ 1880-ൽ ബംഗാളിലേക്കു മടങ്ങി. 1883 ഡിസംബർ 9-ൽ ടാഗോർ മൃണാളിനീ ദേവിയെ വിവാഹം കഴിച്ചു (ഭാബതരിണി 1873-1902). ഇവർക്ക് അഞ്ചു മക്കൾ ജനിച്ചുവെങ്കിലും രണ്ടു പേർ പ്രായപൂർത്തിയാകും മുൻപ്മരണമടഞ്ഞു.

1890ൽ ടാഗോർ ഇപ്പോൾ ബംഗ്ലാദേശിലുള്ള ഷിലൈധ എന്ന സ്ഥലത്തുള്ള തന്റെ കുടുംബ സ്വത്ത്ഏറ്റെടുത്തു. അവിടെ 'പദ്മ' എന്ന പത്തേമാരിയിൽ താമസിച്ച ടാഗോർ നാട്ടുകാർക്കിടയിൽ 'സമീന്ദാർ ബാബു' എന്നായിരുന്നു അറിയപ്പെട്ടിരുന്നത്ഈ കാലത്ത്(18911895) ടാഗോറിന്റെ 'സാധന' കാലഘട്ടം എന്നാണ്വിശേഷിപ്പിക്കുന്നത്സാഹിത്യപരമായി ടാഗോറിന്റെ ഏറ്റവും ഫല പുഷ്ടിയുള്ള കാലമായിരുന്നു ഇത്മൂന്നു വാല്യങ്ങളിലായി വിരോധാഭാസവും വികാരാധിക്യവും നിറഞ്ഞ എൺപത്തിനാലു കഥകളടങ്ങിയ 'ഗൽപഗുച്ഛ' യുടെ പകുതിയും പൂർത്തിയാക്കിയത്ഈ കാലത്താണ്ഇതിൽ ടാഗോർ ഗ്രാമീണ ബംഗാളി ജീവിതങ്ങൾ വരച്ചു കാണിച്ചിരിക്കുന്നു.



ശാന്തിനികേതനം

1901ൽ ടാഗോർ ഷിലൈധ വിട്ട്പശ്ചിമ ബംഗാളിലെ ശാന്തിനികേതനത്തിൽ താമസമാരംഭിച്ചു. അവിടെ തറയിൽ വെണ്ണക്കല്ല് പതിച്ച പ്രാർഥനാ മുറിയുള്ള ഒരു ആശ്രമവും പരീക്ഷണാടിസ്ഥാനത്തിൽ ഒരു വിദ്യാലയവും, പുഷ്പ-വൃക്ഷ തോട്ടങ്ങളും, ഒരു വായനശാലയും അദ്ദേഹം സ്ഥാപിച്ചു. ഇവിടെ വച്ച്ടാഗോറിന്റെ ഭാര്യയും(1902ൽ) രണ്ട്കുട്ടികളും മരണമടഞ്ഞു. അദ്ദേഹത്തിന്റെ പിതാവ്19 ജനുവരി 1905ൽ മരണമടഞ്ഞു. ടാഗൂറിനു വ്യക്തിപരമായി അളവറ്റ ദുഃഖം ഉളവാക്കിയ പല ദുരിതങ്ങളും, അനുഭവിക്കേണ്ടിവന്ന ഈ കാലഘട്ടത്തിന്റെ അന്ത്യത്തിൽ ക്ലേശകരമായ ഒരു പൊതുകാര്യ പ്രവർത്തനത്തിലും ഇദ്ദേഹത്തിനു മുഴുകേണ്ടതായി വന്നു. ബ്രിട്ടീഷ് ഗവൺമെന്റ് ഏകപക്ഷീയമായി തീരുമാനിച്ചു നടപ്പിലാക്കിയ ബംഗാൾ വിഭജനത്തിന് എതിരായി 1905-ൽ ആരംഭിച്ച സംഘടിത പ്രക്ഷോഭത്തിൽ ഇദ്ദേഹവും ഭാഗഭാക്കായി.

1878 മുതൽ 87 വരെ പ്രസിദ്ധീകൃതങ്ങളായ ആദ്യകാലകൃതികളെ തുടർന്ന്, മറ്റു പലതിനും പുറമേ 1888-ൽ മായാർഖേല, രാജാ ഓ റാണി എന്നീ നാടകങ്ങളും, 1903-ൽ ചൊഖേർബാലി (വിനോദിനി), 1906-ൽ നൗകാ ഡൂബി (കപ്പൽ ച്ഛേതം) എന്നീ നോവലുകളും എഴുതി. 1907-ൽ ആധുനിക സാഹിത്യ, പ്രാചീന സാഹിത്യ എന്നീ രണ്ടു സാഹിത്യചർച്ചാഗ്രന്ഥങ്ങളും തയ്യാറാക്കി. ആയിടയ്ക്കു പിൽക്കാലത്തു വിഖ്യാതി നേടിയ ഗോറ എന്ന നോവൽ രചിച്ചു തുടങ്ങുകയും 1910-ൽ അതു പൂർത്തിയാക്കുകയും ചെയ്തു. അതേ വർഷം തന്നെ ബംഗാളിയിൽ ഗീതാഞ്ജലിയും പുറത്തുവന്നു. 1912-ൽ ഡാക് ഘർ (പോസ്റ്റോഫീസ്) എന്ന പ്രശസ്തനാടകവും വെളിച്ചം കണ്ടു.

അക്കൊല്ലംതന്നെ ടാഗൂർ ഇംഗ്ലണ്ടിലേക്കു പോവുകയും അവിടെവച്ചു ഗീതാഞ്ജലിയുടെ ഇംഗ്ലീഷ് പരിഭാഷ നിർവഹിക്കുകയും ചെയ്തു. ഇംഗ്ലണ്ടിലേക്കുള്ള യാത്രയ്ക്കിടയിൽ പ്രശസ്ത ഇംഗ്ലീഷ് കവിയായ ഡബ്ല്യു. ബി. യേറ്റ്സിനെയും സി.എഫ്. ആൻഡ്രൂസിനെയും ഗീതാഞ്ജലി വായിച്ചു കേൾപ്പിക്കാൻ ടാഗോറിനു അവസരമുണ്ടായി. ഗീതാഞ്ജലിയുടെ ഇംഗ്ലീഷ് പരിഭാഷയുടെ ടൈപ്പു ചെയ്ത കോപ്പിയുമായി താൻ സഞ്ചരിച്ചതും ട്രെയിനിലും ബസ്സിലും റെസ്റ്റാറന്റുകളിലും മറ്റും വച്ച് അത്യാർത്തിയോടെ താൻ അതു വായിച്ച് ആനന്ദതുന്ദിലനായതും ലോകപ്രശസ്ത ഇംഗ്ലീഷ് കവിയായ യേറ്റ്സ് ആ കൃതിയുടെ അവതാരികയിൽ പറഞ്ഞിട്ടുണ്ട്. ജീവിതകാലം മുഴുവൻ സ്വപ്നം കണ്ടുനടന്നതെല്ലാം ആ ഭാവഗീതങ്ങളുടെ ആവർത്തിച്ചുള്ള വായനയിൽ അനുഭവിച്ചു എന്നു യേറ്റ്സ് അഭിപ്രായപ്പെടുന്നു. ആ കാവ്യത്തിൽ ആകൃഷ്ടനായ യേറ്റ്സ് അതിന്റെ ഇംഗ്ലീഷ് പരിഭാഷയ്ക്ക് ആമുഖം എഴുതാനും അത് അച്ചടിക്കാൻ ഏർപ്പാടു ചെയ്യാനും തയ്യാറായി. ടാഗോറിന് ബംഗാളികൾക്കിടയിലും വിദേശികൾക്കിടയിലും വളരെയധികം ആരാധകരുണ്ടായിരുന്നു. ടാഗോർ തന്റെ ബംഗാളി കവിതകൾ ഛന്ദോബദ്ധമില്ലാത്ത പദ്യങ്ങളായി ആംഗലേയത്തിലേക്ക്വിവർത്തനം ചെയ്തിരുന്നു ('നൈവേദ്യ' 1901, 'ഖേയ' 1906). 1913 നവംബർ 14-ന്ടാഗോറിന്സാഹിത്യത്തിനുള്ള നോബേൽ പുരസ്കാരം ലഭിച്ചു എന്ന അറിയിപ്പുണ്ടായി.ധ5പ സ്വീഡിഷ്പണ്ഡിത സഭ പ്രകാരം ആ പുരസ്കാരം "ആദർശപരവും, പാശ്ചാത്യ വായനക്കാർക്ക്ലഭിച്ച, അതിവിശാലമായ അദ്ദേഹത്തിന്റെ കൃതികളുടെ, വിവർത്തനം ചെയ്യപ്പെട്ട ഒരു ചെറിയ ഭാഗത്തിനുമാണ്ലഭിച്ചത്പ (1912ൽ രചിച്ച ഗീതാഞ്ജലിയും ഇതിലുൾപ്പെടും). 1915 -ൽ ടാഗോർ ബ്രിട്ടീഷ്രാജവംശത്തിൽ നിന്ന് നൈറ്റ്പദവി സ്വീകരിച്ചു.ധ6പ

ശാന്തിനികേതനത്തിനടുത്ത്സുരുൾ ഗ്രാമത്തിൽ 1921ൽ കാർഷിക സാമ്പത്തിക വിദഗ്ദ്ധനായിരുന്ന ലിയോണാർഡ്എൽംഹേർസ്റ്റുമൊത്ത് ടാഗോർ ഗ്രാമീണ പുനർനിർമ്മാണ പഠന സ്ഥാപനത്തിന്രൂപം കൊടുത്തു.(പിൽക്കാലത്ത്ഇത്ശ്രീനികേതൻ എന്ന പേരിലേക്ക്മാറ്റി). ഗാന്ധിയുടെ പ്രതിഷേധത്തിലൂന്നിയ സ്വരാജ്മുന്നേറ്റത്തെ തള്ളിപ്പറഞ്ഞ ടാഗോർ അതിനെതിരെ ഇൻഡ്യയിലെ ഗ്രാമങ്ങളിലെ ജനതയുടെ നിസ്സഹായതയും അജ്ഞതയും അകറ്റുന്നതിനായി "വിജ്ഞാനത്തെ സജീവമാക്കുന്നതിന്" പല രാജ്യങ്ങളിൽ നിന്നും പണ്ഡിതരേയും മനുഷ്യസ്നേഹികളെയും ഉദ്യോഗസ്ഥരേയും വരുത്തി. 1930കളിൽ ഇൻഡ്യക്കാരിലെ അസാധാരണമായ ജാതി ബോധവും തൊട്ടുകൂടായ്മയും ടാഗോറിനെ അസ്വസ്ഥനാക്കി. അതിനെതിരായി പ്രഭാഷണ പരമ്പരകളും, ദളിതർ മുഖ്യ കഥാപാത്രങ്ങളാകുന്ന നാടകങ്ങളും കവിതകളും രചിച്ചു. ജാതിവ്യവസ്ഥ തീവ്രമായിരുന്ന കേരളത്തിലെ ഗുരുവായൂർ കൃഷ്ണ ക്ഷേത്രത്തിൽ ദളിതരെ പ്രവേശിപ്പിക്കണമെന്ന് അധികാരികളോട് ടാഗോർ ആവശ്യപ്പെട്ടു.,

## അവസാന കാലം 1932–1941

ബംഗാളിലെ ശാന്തിനികേതനിൽ മഹാകവി രവീന്ദ്രനാഥ ടഗോറിനൊപ്പം
മഹാത്മാഗാന്ധി – 1940. ഗാന്ധിജിയെ 'മഹാത്മ' എന്ന് ആദ്യം വിളിച്ചത്
ടഗോറായിരുന്നു 1915–ൽ.
ജീവിതത്തിലെ അവസാന വർഷങ്ങളിൽ ടാഗോർ ലോകപ്രസിദ്ധനായിരുന്നു –
പ്രത്യേകിച്ച്ഗാന്ധിക്കെതിരായിരുന്ന നിലപാടുകളിൽ. 1934 ജനുവരി 15–ന്
ബീഹാറിലുണ്ടായ ഭൂമി കുലുക്കം ദളിതരെ പിടിച്ചടക്കിയതിനു ലഭിച്ച
ദൈവശിക്ഷയാണെന്ന് ഗാന്ധിയുടെ പ്രസ്താവനയെ ടാഗോർ കഠിനമായി
എതിർത്തു. ബംഗാളി ജനതയുടെ സാമൂഹികവും സാമ്പത്തികവുമായ അധഃപ
തനവും, കൊൽക്കത്തയിൽ പതിവായ ദാരിദ്ര്യവും അദ്ദേഹത്തെ വളരെ
വ്യാകുലപ്പെടുത്തി. ഇതേ വിഷയത്തെ ആസ്പദമാക്കി ടാഗോർ പ്രാസം
ഇല്ലാതെ രണ്ട്തരം കാഴ്ചപ്പാടുകളോടു രചിച്ച നൂറു വരി കവിത പിൽക്കാലത്ത്
രചിക്കപ്പെട്ട 'അപരാജിതോ' പോലെയുള്ള കൃതികൾക്ക്ചുവടു പിടിച്ചു
(ബിഭൂതിഭൂഷൺ ബന്ദോപാധ്യായ, ഇത്സത്യജിത് റേ മൂന്ന് പ്രസിദ്ധ ചലച്ചിത്ര
ങ്ങളുടെ പരമ്പരയാക്കി).

ടാഗോർ പതിനഞ്ച്വാല്യങ്ങളായി സമാഹരിച്ച കൃതികളിൽ ഗദ്യ കാവ്യങ്ങളായ
'പുനസ്ച' 1932, 'ഷേഷ്സപ്തക്'1935, 'പത്രപുത്'– 1936 എന്നിവ ചേർത്തിരുന്നു.
ഗദ്യ കാവ്യങ്ങളിലും നൃത്ത്യ നാടകങ്ങളിലും ടാഗോർ തന്റെ പരീക്ഷണങ്ങൾ
തുടർന്നു. അവയിൽ പ്രധാനം നൃത്യനാടകങ്ങളായ 'ചിത്രാംഗധ' 1914, 'ശ്യാമ'
1939, 'ചണ്ഡാലിക' 1938 എന്നിവയും, നോവലുകളായ 'ദുയി ബോൺ' 1933,
'മലഞ്ച' 1934, 'ചാർ അദ്ധ്യായ്'1934 എന്നിവയുമാണ്

തന്റെ അവസാന വർഷങ്ങളിൽ ആധുനിക ശാസ്ത്രത്തോട്താൽപര്യം കണിച്ച
ടാഗോർ 'വിശ്വ പരിചയ്'എന്ന ശാസ്ത്ര ലേഖനങ്ങളുടെ ഒരു സമാഹാരം
1937–ൽ രചിച്ചു. ജീവശാസ്ത്രത്തിലും ഭൗതികശാസ്ത്രത്തിലും ജ്യോതിശാസ്ത്ര
ത്തിലും ടാഗോർ നടത്തിയ പഠനങ്ങൾ അദ്ദേഹത്തിന്റെ കവിതകളിലും
കഥകളിലും പ്രതിഫലിച്ചു. 'ഷെ' 1937, 'തീൻ സാംഗി' 1940, 'ഗൽപസൽപ' 1941
തുടങ്ങി പലതിലും ശാസ്ത്രജ്ഞന്മാരുടെ വിവരണങ്ങളും അടങ്ങിയിരുന്നു.

അവസാന നാലു വർഷങ്ങൾ രോഗശയ്യയിൽ കടുത്ത വേദനയിലായിരുന്ന
ടാഗോർ, 1937 അവസാനത്തോടെ മരണാസന്ന അബോധാവസ്ഥയിലായി.
അതിൽ നിന്ന് മോചിതനായെങ്കിലും 1940ൽ സമാനമായ അവസ്ഥയിൽ നിന്ന്
ശമനമുണ്ടായില്ല. ടാഗോർ ഈ സമയത്ത്രചിച്ച കവിതകൾ ഉത്കൃഷ്ടവും പ്രത്യേ
കമായി, മരണ ചിന്തയിൽ വ്യാപൃതമായവയും ആയിരുന്നു. നീണ്ട കാലത്തെ
രോഗാവസ്ഥയ്ക്കു ശേഷം ടാഗോർ 1941 ഓഗസ്റ്റ്7–ന് തന്റെ ജന്മ ഗൃഹമായ
ജൊറസങ്കോവിൽ വച്ച്മരണമടഞ്ഞു. ടാഗോറിന്റെ ചരമവാർഷികം ഇന്നും
പൊതു പരിപാടികളോടെ ബംഗാളികൾ അനുശോചിക്കുന്നു.

## അവസാന കാലം 1932–1941

ബംഗാളിലെ ശാന്തിനികേതനിൽ മഹാകവി രവീന്ദ്രനാഥ ടഗോറിനൊപ്പം മഹാത്മാഗാന്ധി – 1940. ഗാന്ധിജിയെ 'മഹാത്മ' എന്ന് ആദ്യം വിളിച്ചത് ടഗോറായിരുന്നു 1915–ൽ.
ജീവിതത്തിലെ അവസാന വർഷങ്ങളിൽ ടാഗോർ ലോകപ്രസിദ്ധനായിരുന്നു – പ്രത്യേകിച്ച്ഗാന്ധിക്കെതിരായിരുന്ന നിലപാടുകളിൽ. 1934 ജനുവരി 15–ന് ബീഹാറിലുണ്ടായ ഭൂമി കുലുക്കം ദളിതരെ പിടിച്ചടക്കിയതിനു ലഭിച്ച ദൈവശിക്ഷയാണെന്ന് ഗാന്ധിയുടെ പ്രസ്താവനയെ ടാഗോർ കഠിനമായി എതിർത്തു. ബംഗാളി ജനതയുടെ സാമൂഹികവും സാമ്പത്തികവുമായ അധഃപ തനവും, കൊൽക്കത്തയിൽ പതിവായ ദാരിദ്ര്യവും അദ്ദേഹത്തെ വളരെ വ്യാകുലപ്പെടുത്തി. ഇതേ വിഷയത്തെ ആസ്പദമാക്കി ടാഗോർ പ്രാസം ഇല്ലാതെ രണ്ട്തരം കാഴ്ചപ്പാടുകളോടു രചിച്ച നൂറു വരി കവിത പിൽക്കാലത്ത് രചിക്കപ്പെട്ട 'അപരാജിതോ' പോലെയുള്ള കൃതികൾക്ക്ചുവടു പിടിച്ചു (ബിഭൂതിഭൂഷൺ ബന്ദോപാധ്യായ, ഇത്സത്യജിത് റേ മൂന്ന് പ്രസിദ്ധ ചലച്ചിത്ര തങ്ങളുടെ പരമ്പരയാക്കി).

ടാഗോർ പതിനഞ്ച്വാല്യങ്ങളായി സമാഹരിച്ച കൃതികളിൽ ഗദ്യ കാവ്യങ്ങളായ 'പുനസ്ച' 1932, 'ഷേഷ്സപ്തക്'1935, 'പത്രപുത്'– 1936 എന്നിവ ചേർത്തിരുന്നു. ഗദ്യ കാവ്യങ്ങളിലും നൃത്ത്യ നാടകങ്ങളിലും ടാഗോർ തന്റെ പരീക്ഷണങ്ങൾ തുടർന്നു. അവയിൽ പ്രധാനം നൃത്യനാടകങ്ങളായ 'ചിത്രാംഗധ' 1914, 'ശ്യാമ' 1939, 'ചണ്ഡാലിക' 1938 എന്നിവയും, നോവലുകളായ 'ദുയി ബോൺ' 1933, 'മലഞ്ച' 1934, 'ചാർ അദ്ധ്യായ്'1934 എന്നിവയുമാണ്

തന്റെ അവസാന വർഷങ്ങളിൽ ആധുനിക ശാസ്ത്രത്തോട്താൽപര്യം കണിച്ച ടാഗോർ 'വിശ്വ പരിചയ്'എന്ന ശാസ്ത്ര ലേഖനങ്ങളുടെ ഒരു സമാഹാരം 1937–ൽ രചിച്ചു. ജീവശാസ്ത്രത്തിലും ഭൗതികശാസ്ത്രത്തിലും ജ്യോതിശാസ്ത്രത്തിലും ടാഗോർ നടത്തിയ പഠനങ്ങൾ അദ്ദേഹത്തിന്റെ കവിതകളിലും കഥകളിലും പ്രതിഫലിച്ചു. 'ഷെ' 1937, 'തീൻ സാംഗി' 1940, 'ഗൽപ്പസൽപ്പ' 1941 തുടങ്ങി പലതിലും ശാസ്ത്രജ്ഞന്മാരുടെ വിവരണങ്ങളും അടങ്ങിയിരുന്നു.

അവസാന നാലു വർഷങ്ങൾ രോഗശയ്യയിൽ കടുത്ത വേദനയിലായിരുന്ന ടാഗോർ, 1937 അവസാനത്തോടെ മരണാസന്ന അബോധാവസ്ഥയിലായി. അതിൽ നിന്ന് മോചിതനായെങ്കിലും 1940ൽ സമാനമായ അവസ്ഥയിൽ നിന്ന് ശമനമുണ്ടായില്ല. ടാഗോർ ഈ സമയത്ത്രചിച്ച കവിതകൾ ഉത്കൃഷ്ടവും പ്രത്യേകമായി, മരണ ചിന്തയിൽ വ്യാപൃതമായവയും ആയിരുന്നു. നീണ്ട കാലത്തെ രോഗാവസ്ഥയ്ക്കു ശേഷം ടാഗോർ 1941 ഓഗസ്റ്റ്7–ന് തന്റെ ജന്മ ഗൃഹമായ ജൊറസങ്കോവിൽ വച്ച്മരണമടഞ്ഞു. ടാഗോറിന്റെ ചരമവാർഷികം ഇന്നും പൊതു പരിപാടികളോടെ ബംഗാളികൾ അനുശോചിക്കുന്നു.

# യാത്രകൾ

പ്രകടമായ സഞ്ചാര തൃഷ്ണയിൽ 1878നും 1932നും ഇടയിൽ ടാഗോർ അഞ്ചു ഭൂഖണ്ഡങ്ങളിലെ മുപ്പതിലേറെ രാജ്യങ്ങൾ സന്ദർശിച്ചു. ഈ യാത്രകൾ പലതും അദ്ദേഹത്തിന്റെ കൃതികളെ വിദേശികൾക്ക്പരിചയപ്പെടുത്തുന്നതിൽപ്രത്യേക പങ്ക് വഹിച്ചു. 1912 -ൽ ഇംഗ്ലണ്ടിലെത്തിയ ടാഗോറിന്റെ ചില കൃതികളുടെ വിവർത്തനം, ഗാന്ധി ആരാധകനായ ചാർൾസ്എസ്ആൻഡ്രൂഫ്സ്ആംഗ്ലോ-ഐറിഷ്കവി വില്യം ബട്ട്ലർ യേറ്റ്സ്, എർസ പൗണ്ട്റോബർട്ബ്രിജസ്ഏണസ്റ്റ്റൈസ്തോമസ്സ്റ്റർജ്മൂർ തുടങ്ങിയ സാഹിത്യകാരന്മാർക്ക്ഹൃദയഹാരിയായി. ഗീതാഞ്ജലിയുടെ ആംഗലേയ പതിപ്പിന്ആമുഖമെഴുതിയത്യീറ്റ്സ്ആയിരുന്നു. 1917 ഏപ്രിൽ വരെ ടാഗോർ അമേരിക്കൻ ഐക്യനാടുകളിലും ഇംഗ്ലണ്ടിലും ഉടനീളം യാത്ര ചെയ്ത്പ്രഭാഷണങ്ങൾ നടത്തി. ജപ്പാനിലും അമേരിക്കയിലും നടത്തിയ പ്രഭാഷണങ്ങളിൽ അവരുടെ ദേശീയവാദത്തെ തള്ളിപ്പറഞ്ഞ്പ്രശംസയും അപഹാസവും ഏറ്റുവാങ്ങി. തിരികെ ഇൻഡ്യയിലെത്തിയ ടാഗോർ 63ആം വയസ്സിൽ പെറു സർക്കാരിന്റെ ക്ഷണം സ്വീകരിച്ച്അവിടം സന്ദർശിച്ചു. ഇതേ യാത്രയിൽ അദ്ദേഹം മെക്സിക്കോയും സന്ദർശിച്ചു. രണ്ട്സർക്കാരുകളും ടാഗോറിന്റെ സന്ദർശനത്തിന്റെ സ്മരണാർത്ഥം ഒരു ലക്ഷം ഡോളർ വീതം ശാന്തിനികേതനത്തിന്സംഭാവന ചെയ്തു. 1924 നവംബർ 6-ന്ടാഗോർ അർജന്റീനയിലെത്തി. 1925 ജനുവരിയിൽ ഇൻഡ്യയിലേക്കു യാത്ര തിരിച്ച ടാഗോർ, ഇറ്റലിയിലെ സ്വേച്ഛാധിപതിയായിരുന്ന ബെനിറ്റോ മുസ്സോളിനിയെ സന്ദർശിച്ചു. 1926 ജൂലൈ 20-ന് ടാഗോർമുസ്സോളിനിക്കെതിരെ പ്രതികരിച്ചതു വരെ അവർ തമ്മിലുണ്ടായിരുന്ന അടുപ്പം തുടർന്നു. 1927 ജൂലൈ 14-ന് ടാഗോർ നാലുമാസത്തെ തെക്കു കിഴക്കൻ ഏഷ്യ സന്ദർശനത്തിനു തിരിച്ചു. ആ യാത്രയിൽ അദ്ദേഹം ബാലി, ജാവ ദ്വീപ്ക്വാല ലംപൂർ, മലാക്ക, പെനാങ്ങ്സിയാം, സിംഗപ്പൂർ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു. ഇതൊരു യാത്രാവിവരണമായി 'ജാത്രി' എന്ന പേരിൽ പുറത്തിറക്കി. 1930 ആദ്യത്തോടെ ടാഗോർ ബംഗാൾ വിട്ട്ഒരു വർഷത്തോളം യൂറോപ്പിലും അമേരിക്കയിലും പര്യടനം നടത്തി. പാരീസിലും ലണ്ടനിലും ടാഗോറിന്റെ ചിത്രങ്ങൾ പ്രദർശിപ്പിച്ചു. അദ്ദേഹം ബെർമിങ്ങ്ഹാമിലെ 'റിലിജ്യസ്സൊസൈറ്റി ഫോർ ഫ്രണ്ട്സ്'എന്ന സ്ഥാപനത്തിൽ താമസിച്ച്ഓക്സ്ഫർഡ്സർവ്വകലാശാലയ്ക്കു വേണ്ടി ഹിബ്ബർട്പ്രഭാഷണം തയ്യാറാക്കി.(അത്പ്രധാനമായും ദൈവത്തിന്റെ മനുഷ്യ ഗുണങ്ങൾ അഥവാ അനശ്വരനായ മനുഷ്യന്റെ ദൈവ ഗുണങ്ങൾ എന്ന വിഷയത്തെ കുറിച്ചായിരുന്നു). ലണ്ടനിലെ 'റിലിജ്യസ്സൊസൈറ്റി ഫോർ ഫ്രണ്ട്സ്'സമ്മേളനത്തിൽ ടാഗോർ ബ്രിട്ടീഷുകാരും ഇൻഡ്യക്കാരും തമ്മിലുള്ള ബന്ധത്തെ കുറിച്ച് സംസാരിക്കുകയും, അതിനെ 'വളരെ ആഴമുള്ള ഇരുണ്ട ഗർത്തം' എന്ന് സൂചിപ്പിക്കുകയും, ഇതേ വിഷയത്തിൽ രണ്ട്വർഷത്തോളം പ്രഭാഷണങ്ങൾ തുടരുകയും ചെയ്തു. അതിനു ശേഷം ആഗാഖാൻ മൂന്നാമനേയും, തുടർന്ന് ഡെന്മാർക്ക്സ്വിറ്റ്സർലാന്റ്, എന്നീ രാജ്യങ്ങളും 1930 ജൂൺ മുതൽ സെപ്റ്റംബർ മധ്യം വരെ ജർമ്മനിയും, പിന്നീട്സോവിയറ്റ് യൂണിയനും സന്ദർശിച്ചു. പേർഷ്യൻ ദാർശനികനയിരുന്ന ഹഫീസിന്റെ ഇതിഹാസങ്ങളിലും കൃതിയളിലും അവഗാഹമുണ്ടായിരുന്ന ടാഗോറിനെ ഇറാനിലെ ഷാ ആയിരുന്ന റേസാ ഷാ പഹ്ലവി ഏപ്രിൽ 1932-ൽ തന്റെ പ്രത്യേക അതിഥിയായി സ്വീകരിച്ചു.

# പ്രധാനകൃതികൾ

തടിയിൽ ടാഗോറിന്റെ പേരിന്റെ ആദ്യാക്ഷരങ്ങൾ "ര" യും "ത" യും മുദ്രയായി ഉപയോഗിച്ചിരുന്നത് ടാഗോറിന്റെ സാഹിത്യ ഖ്യാതിയെ അനുപാതമില്ലാതെ സ്വാധീനിച്ചത് അദ്ദേഹമെഴുതിയ കവിതകളാണ്എന്നാലും, ടാഗോർ അനേകം നോവലുകൾ, പ്രബന്ധങ്ങൾ, ചെറുകഥകൾ, യാത്രാ വിവരണങ്ങൾ, നാടകങ്ങൾ തുടങ്ങി അനേകായിരം ഗാനങ്ങളും രചിച്ചിട്ടുണ്ട്ഗദ്യ വിഭാഗത്തിൽ ടാഗോറിന്റെ ചെറുകഥകളാണ്കൂടുതൽ ശ്രദ്ധിക്കപ്പെട്ടത്ബംഗാളി ഭാഷയിൽ ചെറുകഥയ്ക്ക്പ്രചാരം ലഭിക്കുവാൻ ടാഗോർ കഥകൾ വളരെ വലിയ പങ്ക്വഹിച്ചു. അദ്ദേഹത്തിന്റെ കൃതികളിലെ താളമൊത്ത ഭാഷയും ശുഭപര്യവസായിയായ 'അവിശിഷ്ഠ' വിഷയങ്ങളും സാധാരണക്കാർക്ക്പ്രിയപ്പെട്ടതായി.

നോവലുകളും അനുഭവ കഥകളും
ടാഗോർ എട്ടു നോവലുകളും 'ചതുരംഗ', 'ഷെഷർ കോബിത', 'ചാർ ഒധ്യായ്' 'നൗകാ ഡുബി' എന്ന നാലു നോവലുകളും രചിച്ചു.

നോവലുകൾ (അപൂർണ്ണം), ഘൊരേ ബായിരേ (വീടും ലോകവും)
ഗോറ (വെളുമ്പൻ) യോഗയോഗ്ബന്ധം)
ശേഷേർ കൊബിത (അവസാനത്തെ കവിത/വിടവാങ്ങൽ ഗാനം)
സംഗീതവും ചിത്രകലയും



ടാഗോറിന്റെ 'നൃത്തമാടുന്ന പെൺകുട്ടി', ശിസീമൂല്യ രചന.
സംഗീതത്തിൽ ബാല്യകാലം മുതൽ തത്പരനായിരുന്ന രബീന്ദ്രനാഥ് ആ കലയിൽ കാല്ക്രമേണ കൂടുതൽ പ്രാവീണ്യം ആർജ്ജിച്ചു. തന്റെ കവിതകളും ഗാനങ്ങളും ആലപിക്കാൻ സവിശേഷമായ ഒരു സംഗീത ശൈലി തന്നെ ഇദ്ദേഹം ആവിഷ്കരിച്ചു. 'രബീന്ദ്ര സംഗീത്' എന്ന പേരിൽ അറിയപ്പെടുന്ന ആ ഗാനശൈലി ബംഗാളികൾ ഇന്നും ഹൃദിസ്ഥമാക്കി സൂക്ഷിക്കുകയും അഭിമാനപൂർവ്വം പ്രയോഗിക്കുകയും ചെയ്തുവരുന്നു. ഒഴുകിക്കൊണ്ടിരുന്ന നദീജലത്തിനു മുകളിൽ ഒരു വള്ളത്തിൽ നിവർന്നു കിടന്ന് പ്രകൃതിപ്രതിഭാസങ്ങളെ നിരീക്ഷിച്ചുകൊണ്ട് നദീജലത്തിന്റെ താളലയങ്ങൾക്ക് അനുഗുണമായ ഈണത്തിലും താളത്തിലും ഗാനങ്ങൾ ചമച്ച് ഇദ്ദേഹം സ്വയം ഉറക്കെ ചൊല്ലുകയും ആ ഗാനങ്ങൾ ഇദ്ദേഹത്തിന്റെ കൂടെയുള്ളവർ രേഖപ്പെടുത്തി വയ്ക്കുകയും ചെയ്യുക പതിവായിരുന്നു. പ്രത്യേക ശൈലിയിലുള്ള ഒരു ഗാന സഞ്ചയം ഇപ്രകാരം രൂപം കൊള്ളുവാനിടയായി. രബീന്ദ്ര സംഗീതം ഇന്നും സവിശേഷമായ ഒന്നായി ലോകമെങ്ങും ആസ്വദിക്കപ്പെടുന്നുണ്ട്. ടാഗോർ 2230-നടുത്ത്ഗാനങ്ങൾ രചിച്ചു. അദ്ദേഹത്തിന്റെ സാഹിത്യ പ്രവർത്തനങ്ങളിൽ നിന്ന് സംഗീതത്തെ വേർതിരിച്ചു കാണുവാൻ സാധിക്കാത്ത വിധം അവയെ സംയോജിപ്പിച്ചിരിക്കുന്നു. ബംഗാളിലെ നാടോടി സംഗീതം പ്രത്യേകിച്ച് ബാവുൾ സംഗീതം ടാഗോറിന്റെ കവിതയെ പക്വവും മൌലികവുമാക്കി.ലാലൻ ഫക്കീർ അദ്ദേഹത്തെ ഏറെ സ്വാധീനിച്ചു. ടാഗോറിന്റെ സാഹിത്യകൃതികളിൽ പലതും ഗാനങ്ങളുടെ വരികളായിട്ടുണ്ട്അവയ്ക്ക്പ്രാഥമികമായി ഹിന്ദുസ്ഥാനി സംഗീതത്തിലെ തുമ്രി ശൈലിയുടെ സ്വാധീനം ഉണ്ടായിട്ടുണ്ട്പിൽക്കാലത്ത്പ്രശസ്ത സംഗീതജ്ഞരായ വിലായത്ത്ഖാൻ (സിത്താർ, സരോദ്, ബുദ്ദദേവ്ദാസ്ഗുപ്ത, അംജദ്അലി ഖാൻ തുടങ്ങിയവരെ രബീന്ദ്ര സംഗീതം സ്വാധീനിച്ചിട്ടുണ്ട്

ഹോളി ആഘോഷങ്ങൾക്കിടയിൽ ബൌൾ ഗായകർ .
അറുപതാം വയസ്സിൽ ചിത്രരചന ആരംഭിച്ച ടാഗോർ , യൂറോപ്പിൽ പലയിടത്തും തന്റെ ചിത്രങ്ങൾ പ്രദർശിപ്പിച്ചു.